(ബി) ഈ കോഴ്സുകളിലേക്ക് നിർദ്ദിഷ്ട യോഗ്യത യുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാരെ ലഭിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ നിശ്ചിത യോഗ്യതയിൽനിന്നും ഇവർക്ക് ഇളവു നൽകുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില പാരാമെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുവേണ്ടി എസ്.എസ്.എൽ.സി.യും മറ്റു ചില പാരാമെഡിക്കൽ കോഴ്സുകൾക്കുവേണ്ടി പ്രീഡിഗ്രിയും (സെക്കൻറ് ഗ്രൂപ്പ്) ആണ് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. നിയമപ്രകാരമുള്ള റിസർവ്വേഷൻ വ്യവസ്ഥകളും പാലിക്കപ്പെടുന്നുണ്ട്.

(ബി) നിർദ്ദിഷ്ട യോഗ്യതയുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ലഭിക്കാറുണ്ട്. അപൂർവ്വമായി ചില സീറ്റുകൾ ഒഴിവുണ്ടാകാറുണ്ട്.

(സി) ആകെയുള്ള സീറ്റുകളുടെ പത്തു ശതമാനം പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുണ്ട്. ഇവർക്ക് ഓരോ കോഴ്സിനും ആവശ്യമായ പരീക്ഷായോഗ്യതയും നിശ്ചയിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്പെഷ്യൽ കമ്പോണൻറ് പ്ലാനിൽ പ്രത്യേകമായി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്നുണ്ട്. അവർക്കു സാധാരണ കോഴ്സുകൾക്കുള്ളതിൽ കൂടുതൽ സീറ്റുകൾ ഉള്ളതുകൊണ്ടാണ് ചിലപ്പോൾ സീറ്റുകൾ ഒഴിവു വരുന്നത്.

കഴിഞ്ഞവർഷം പുതുതായി ആരംഭിച്ച ആശുപത്രികളും ഡിസ്പെൻസറികളും

78 [86] ശ്രീ. കെ.വി. സുരേന്ദ്രനാഥ്:
,, പി. കുമാരൻ:
,, എം.കെ. കേശവൻ:
,, കെ.ടി. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാനത്ത് എത്ര ആശുപത്രികളും ഡിസ്പെൻസറികളും പുതിയതായി ആരംഭിച്ചു;

(ബി) എവിടെയെല്ലാം;

(സി) അലോപ്പതി ഡിസ്പെൻസറികൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട്;

(ഡി) ഏതെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒന്നും ആരംഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 213

(ഡി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബില്ല്

79 [87] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ക്ഷേമനിധി ബോർഡ് 1986–87 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾക്ക് വാർദ്ധക്യകാല ധനസഹായം, മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി, മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹത്തിന് ധനസഹായവും പായ്പയും നൽകുന്ന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണമടഞ്ഞാൽ മരണാനന്തര ചടങ്ങുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി എന്നിവയാണ് 1986–87 വർഷത്തിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ.

പരമ്പരാഗത മത്സ്യത്തൊഴിലാളി സമുദായങ്ങളെ പട്ടികജാതി–പട്ടികവർഗ്ഗങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

80 [88] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളി സമുദായങ്ങളെ പട്ടികജാതി–പട്ടികവർഗ്ഗങ്ങളിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായിട്ട് സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നു വിശദമാക്കുമോ;

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളി സമുദായങ്ങളെ പട്ടികജാതി—പട്ടികവർഗ്ഗങ്ങളിൽ ഉൾപ്പെടുത്തുന്നതിനെസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്താണെന്നു വ്യക്തമാക്കുമോ?

†അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly